# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 585** **28.09.2016-ൽ മറുപടിക്ക്**

## പട്ടികവർഗ്ഗക്കാരെ ഫോറസ്റ്റ് വാച്ചർമാരായി നിയമിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.കൃഷ്ണൻകുട്ടി**<br>**ശ്രീ.സി.കെ.നാണു**<br>**ശ്രീ.കോവൂർ കുഞ്ഞുമോൻ**<br>**ശ്രീ.തോമസ് ചാണ്ടി** | **അഡ്വ.കെ.രാജു**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) വനത്തിനകത്തോ, സമീപപ്രദേശങ്ങളിലോ യോഗ്യതയുള്ള പട്ടികവർഗ്ഗ യുവാക്കളുണ്ടായിരുന്നിട്ടും അവർക്ക് നിയമനം നൽകാതെ പട്ടികവർഗ്ഗക്കാരല്ലാത്തവർക്ക് ഫോറസ്റ്റ് വാച്ചർമാരായി താൽക്കാലികാടിസ്ഥാനത്തിലോ, കരാറടിസ്ഥാനത്തിലോ നിയമനം നൽകിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ഇത്തരത്തിൽ ഫോറസ്റ്റ് വാച്ചർമാരായി താൽക്കാലികമായോ കരാറടിസ്ഥാനത്തിലോ ജോലി ചെയ്ത് വരുന്ന പട്ടികവർഗ്ഗക്കാരല്ലാത്തവരുടെ എണ്ണം ഫോറസ്റ്റ് ഡിവിഷൻ തിരിച്ച് ലഭ്യമാക്കാമോ; | (ബി) വിശദാംശം അനുബന്ധമായി കൊടുത്തിരിക്കുന്നു. |
| (സി) ഇപ്രകാരം നിയമിക്കപ്പെട്ട പട്ടികവർഗ്ഗക്കാരല്ലാത്തവരെ മാറ്റി പട്ടികവർഗ്ഗക്കാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ? | (സി) വനാതിർത്തിയിൽ സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള പട്ടികവർഗ്ഗക്കാരല്ലാത്തവരും ഉള്ളതിനാൽ പട്ടികവർഗ്ഗക്കാർക്കൊപ്പം തന്നെ പട്ടിക വർഗ്ഗത്തിൽപ്പെടാത്തവർക്കും ജോലി നൽകേണ്ടതായി വരുന്നുണ്ട്. എന്നാൽ, |

ഫോറസ്റ്റ് വാച്ചർ തസ്തികയിൽ താൽക്കാലിക അടിസ്ഥാനത്തിലോ കരാറടിസ്ഥാനത്തിലോ നിയമനം നൽകുമ്പോൾ പട്ടികവർഗ്ഗക്കാർക്ക് തന്നെയാണ് മുൻഗണന നൽകി വരുന്നത്.

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ഡിവിഷൻ | പട്ടികവർഗ്ഗക്കാർ അല്ലാത്തവരുടെ എണ്ണം |
|---|---|
| കോതമംഗലം | 30 |
| മൂന്നാർ | 20 |
| മറയൂർ | 122 |
| മാങ്കുളം | 5 |
| നെന്മാറ | 39 |
| മണ്ണാർക്കാട് | 20 |
| പാലക്കാട് | 34 |
| നിലമ്പൂർ നോർത്ത് | 40 |
| നിലമ്പൂർ സൗത്ത് | 43 |
| വാഴച്ചാൽ | 12 |
| മലയാറ്റൂർ | 26 |
| തൃശ്ശൂർ | 48 |
| പെരിയാർ വെസ്റ്റ് ഡിവിഷൻ, പീരുമേട് | 42 |
| വൈൽഡ് ലൈഫ് ഡിവിഷൻ, ഇടുക്കി | 27 |
| വൈൽഡ് ലൈഫ് ഡിവിഷൻ, മൂന്നാർ | 49 |
| വൈൽഡ് ലൈഫ് ഡിവിഷൻ, തിരുവനന്തപുരം | 56 |
| പുനലൂർ | 51 |
| തെന്മല | 43 |
| അച്ചൻകോവിൽ | 30 |
| തിരുവനന്തപുരം | 49 |
| **ആകെ** | **786** |

Sajumin

സെക്ഷൻ ഓഫീസർ